"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - തകരപ്പറമ്പ് - ഈഞ്ചക്കൽ - എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 475/2008 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2494/2025/LSGD — തീയതി,തിരുവനന്തപുരം, 13-10-2025

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.475/2008 നമ്പർ കേസിന്മേലുള്ള 27/03/2009 തീയതിലെ വിധിന്യായം.
2. ബഹു. കേരള ഹൈക്കോടതിയുടെ എൽ.എ.അപ്പീൽ 533/2010 നമ്പർ അപ്പീലിന്മേലുള്ള 26/05/2021 തീയതിയിലെ വിധിന്യായം.
3. സ.ഉ.(അച്ചടി) നം.32/2019/ധന തീയതി 18/03/2019.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 01/09/2025 -ലെ എ3/833/2008/ട്രിഡ നമ്പർ കത്ത്.
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25/09/2025 തീയതിയിലെ DCTVM/5697/2025-K9 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി തകരപ്പറമ്പ് - ഈഞ്ചക്കൽ - എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിൽ 0.33 ആർ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.475/2008 നമ്പർ കേസിൽ ബാലൻസ് വിധിക്കടത്തുകയായ 1,88,365/- രൂപ (ഒരു ലക്ഷത്തി എൺപത്തിയെട്ടായിരത്തി മുന്നൂറ്റി അറുപത്തി അഞ്ച് രൂപ മാത്രം) അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (4), (5) എന്നിവ പ്രകാരം യഥാക്രമം തിരുവനനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി തകരപ്പറമ്പ് - ഈഞ്ചക്കൽ - എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിൽ റീസർവ്വേ നം. 1621/15-ൽ ഉൾപ്പെട്ട 0.33 ആർ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.475/2008 നമ്പർ കേസിലെ ബാലൻസ് തുകയായ 1,88,365/- രൂപ (ഒരു ലക്ഷത്തി എൺപത്തിയെട്ടായിരത്തി മുന്നൂറ്റി അറുപത്തി

അഞ്ച് രൂപ മാത്രം) ടി കേസിലെ കക്ഷികളായ ശ്രീ. ഷാഹുൽ ഹമീദ് (ഫാറൂഖ് മൻസിൽ, പേട്ട തിരുവനന്തപുരം) മാനേജർ (ഇന്ത്യൻ ഓവർസീസ് ബാങ്ക്, അരിസ്റ്റോ ജംഗ്ഷൻ ബ്രാഞ്ച്, തിരുവനന്തപുരം) എന്നിവർക്ക് '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/75/2025/ത.സ്വ.ഭ.വ.

Signed by
ഉത്തരവിൻ പ്രകാരം
Biju. B
Date: 14-10-2025 11:08:08
സെക്ഷൻ ഓഫീസർ